## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4643** 28/6/2013 ൽ മറുപടിയ്ക്ക്

## മണ്ണ് പര്യവേഷണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചായത്ത് തല ത്തിലുള്ള മണ്ണ് പര്യവേഷണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ; | (എ) | ഓരോ പഞ്ചായത്തിലേയും മണ്ണിന്റെ സ്വഭാവ വിശേഷങ്ങളും ഭൂപ്രകൃതിയും പഠിക്കുന്നതിനായി സ്ഥല സന്ദർശനം നടത്തി സമാന സ്വഭാവമുള്ള മണ്ണിനങ്ങളെ കണ്ടെത്തുകയും വർഗ്ഗീകരണം നടത്തി 1:5000 സ്കെയിലിലുള്ള കഡസ്ട്രൽ ഭൂപടങ്ങളിൽ രേഖപ്പെടുത്തി മണ്ണിന്റെ സ്വഭാവം, ഫലഭൂയിഷ്ഠത, ആവശ്യമായ പരിപാലനമുറകൾ ജലസേചന ക്ഷമത, ഭൂക്ഷമത എന്നിങ്ങനെയുള്ള അടിസ്ഥാന വിവരങ്ങൾ കർഷകന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് ആരംഭമിട്ടിരിക്കുന്നത്.<br>ജൂൺ 2012 ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് ആദ്യഘട്ടമായി തൃശ്ശൂർ, വയനാട് ജില്ലകളിലെ പഞ്ചായത്തിലെ വിശദ മണ്ണ് പര്യവേഷണത്തിന് തുടക്കമിട്ടു. വയനാട് ജില്ലയിലെ 19 പഞ്ചായത്തുകളുടേയും തൃശ്ശൂർ ജില്ലയിലെ 60 പഞ്ചായത്തുകളുടേയും വിശദ മണ്ണ് പര്യവേഷണം പൂർത്തീകരിച്ച് റിപ്പോർട്ടുകളും ഭൂപടങ്ങളും തയ്യാറാക്കി വരുന്നു. തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളിലേയും വയനാട് ജില്ലയിലെ 26 പഞ്ചായത്തുകളിലേയും വിശദ മണ്ണ് |

പര്യവേഷണവും റിപ്പോർട്ടുകളുടേയും ഭൂപടങ്ങളുടേയും പ്രസിദ്ധീകരണവും ഈ വർഷം തന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

**(ബി)** വയനാട് ജില്ലയിലെ പഞ്ചായത്തുകളിലെ മണ്ണ് പര്യവേഷണ പദ്ധതിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

**(ബി)** വയനാട് ജില്ലയിലെ 19 പഞ്ചായത്തുകളിലെ വിശദ മണ്ണ് പര്യവേഷണം പൂർത്തീകരിച്ചു. ഈ പഞ്ചായത്തുകളിലെ റിപ്പോർട്ടുകളും ഭൂപടങ്ങളും തയ്യാറാക്കി വരുന്നു. ഈ വർഷം 25 പഞ്ചായത്തുകളുടേയും ഒരു മുൻസിപ്പാലിറ്റിയുടേയും വിശദ മണ്ണ് പര്യവേഷണ റിപ്പോർട്ടുകൾ കർഷകർക്കും, പഞ്ചായത്തുകൾക്കും, മറ്റ് ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതാണ്. കൂടാതെ വകുപ്പ് വെബ്സൈറ്റിൽ ഇവ പ്രസിദ്ധീകരിക്കുന്നതുമാണ്.

**(സി)** പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

**(സി)** വയനാട് ജില്ലയിലെ പഞ്ചായത്തുതല വിശദ മണ്ണു പര്യവേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലെ മണ്ണ് പര്യവേഷണ ഉദ്യോഗസ്ഥരുടേയും അനുബന്ധ ഉദ്യോഗസ്ഥരുടേയും സേവനം പ്രയോജനപ്പെടുത്തുന്നു.

തൃശ്ശൂർ ജില്ലയിലേക്ക് 9 ജില്ലകളിലെ മണ്ണ് പര്യവേഷണ ഉദ്യോഗസ്ഥരുടേയും അനുബന്ധ ഉദ്യോഗസ്ഥരുടേയും സേവനം ഉപയോഗിച്ച് വിശദ മണ്ണ് പര്യവേഷണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ